**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1104** — 05-03-2018 -ൽ മറുപടിക്ക്

## ജില്ലാ ദുരന്തനിവാരണ സമിതികളുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനും ദുരന്തനിവാരണം ഫലപ്രദമാക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | കേന്ദ്ര ദുരന്ത നിവാരണ നിയമം, 2005 അനുസരിച്ച് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം മുന്നറിയിപ്പിനും ദുരന്ത പ്രഖ്യാപനത്തിനും വിവിധ കേന്ദ്ര സർക്കാർ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവചിച്ച് ദുരന്തത്തിന്റെ ആഘാത മേഖല തിരിച്ച് കൃത്യമായ പ്രഖ്യാപനം നടത്തേണ്ടത് ഈ നോഡൽ സ്ഥാപനങ്ങൾ ആണ്. ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ല ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചു വരുന്നു. |
| ബി) | ജില്ലാതലങ്ങളിൽ പ്രവർത്തിച്ചു വരുന്ന ദുരന്ത നിവാരണസമിതികൾ മുൻപുള്ള കാലഘട്ടങ്ങളിൽ വേണ്ടത്ര കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ജില്ലാ അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വിവിധ ഘട്ടങ്ങളിലായി ജില്ല ദുരന്ത നിവാരണ അതോറിറ്റികൾക്ക് 5.8 കോടി രൂപ വിവിധ പ്രവർത്തികൾക്കായി സംസ്ഥാന അതോറിറ്റി നൽകിയിട്ടുണ്ട്. ഈ തുക വിവിധ പദ്ധതികൾക്കായി വിനിയോഗിക്കുവാൻ ആവശ്യമായ Guidelines നിയമം നിഷ്കർഷിച്ചിരിക്കുന്നത് പോലെ നൽകിയിട്ടും ഉണ്ട്. 11.12.2017-ലെ |
| സി) | ജില്ലാ ദുരന്തനിവാരണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | സ.ഉ(സാധാ) നം.84/2017/ഡി.എം.ഡി പ്രകാരം 10 ഹസാർഡ് അനാലിസ്റ്റുകളെ വിവിധ ജില്ലകളിൽ നിയമിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ എല്ലാ വകുപ്പിലും ദുരന്ത നിവാരണത്തിനായി 15 പേർ അടങ്ങുന്ന ഒരു Virtual Cadre രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. (സ.ഉ(സാധാ) നം.56/17/ഡി.എം.ഡി തീയതി 25/11/2017). |

സെക്ഷൻ ഓഫീസർ